"ഭരണഭാഷ - മാതൃഭാഷ"

നം:- ഡി.ജി.ഇ/8895/2026-എച്ച്2

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : **06-08-2026**

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം -സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി നിയമനത്തിന് വ്യവസ്ഥാപിതമായ തസ്തികൾ മാറ്റി വച്ചിട്ടുള്ള മാനേജ്മെന്റുകളിൽ ജീവനക്കാരുടെ ക്രമീകരണവും , ഭിന്നശേഷി ഒഴിവ് മാറ്റി വയ്ക്കുന്നതും, RPWD ആക്ട് 2016 സെക്ഷൻ 34(2) പ്രകാരമുള്ള നടപടികൾ എന്നിവയിൽ തുടർനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്

സൂചന :-
1. സ.ഉ(കൈ) നം. 125/2026/പൊ.വി.വാ തീയതി 21.07.2026
2. സ.ഉ(കൈ) നം. 31/2026/പൊ.വി.വാ തീയതി 18.02.2026
3. 21.02.2026 തീയതിയിലെ DGE/3078/2026-H2 നമ്പർ സർക്കുലർ
4. 15.03.2026 തീയതിയിലെ DGE/3078/2026-H2 നമ്പർ കത്ത്
5. 27.02.2026 തീയതിയിലെ DGE/3078/2026-H2 നമ്പർ കത്ത്
6. സ.ഉ(കൈ) നം. 29/2023/പൊ.വി.വ തീയതി 24.03.2023

*****

21.07.2026 തീയതിയിലെ സ.ഉ.(കൈ) നം. 125/2026/പൊ.വി.വ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണ നിയമനവുമായി ബന്ധപ്പെട്ട് RPWD ആക്ട് 2016 സെക്ഷൻ 34(2) പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനും , മാനേജർ മാറ്റി വച്ചിരിക്കുന്ന തസ്തികകൾ മാറ്റി മറ്റ് തസ്തിക ഭിന്നശേഷി സംവരണത്തിന് മാറ്റി വയ്ക്കുന്നതിലും ജീവനക്കാരുടെ നിയമനങ്ങൾ ക്രമീകരിക്കുന്നതിലും , ബഹു. സുപ്രീം കോടതിയിൽ നിലനിൽക്കുന്ന ഹർജികളിലെ അന്തിമ വിധിയ്ക്ക് വിധേയമായി സൂചന (1) പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട് . ടി ഉത്തരവ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ജില്ലാ സമിതി മുഖേനയുള്ള ഭിന്നശേഷി സംവരണം നിലവിൽ വന്നിട്ട് ഒരു റിക്രൂട്ട്മെന്റ് വർഷം പൂർത്തിയാക്കിയിട്ടുണ്ട്. 2025-26 വർഷത്തെ റാങ്ക് ലിസ്റ്റിന്റെ കാലാവധി 2026 മെയ് 31 ന അവസാനിച്ചിരുന്നു.(സർക്കാരിന്റെ അനുമതിയോടെ ഒരു മാസത്തേയ്ക്ക് വീണ്ടും നീട്ടി നൽകുകയും 2026 ജൂൺ 30 ന കാലാവധി അവസാനിക്കുകയും ചെയ്തു). ജില്ലാ സമിതി നിലവിൽ വരുന്നതിനു മുൻപ് തന്നെ ഭിന്നശേഷി സംവരണത്തിനായി ഒഴിവുകൾ മാറ്റിവച്ചിട്ടുള്ള മാനേജ്മെന്റുകൾ ഉണ്ട്.

a. ആയതിനാൽ 2026 -27 വർഷം, **(2026 മെയ് 31 ന രണ്ട് റിക്രൂട്ട്മെന്റ് വർഷം കഴിഞ്ഞ ഒഴിവുകളിലേക്ക് വേണ്ടി)** ആദ്യം പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും ടി തസ്തികയിലെ റൊട്ടേഷൻ പ്രകാരം അടുത്ത നിയമന ശുപാർശ നൽകേണ്ട ഭിന്നശേഷിവിഭാഗം മുതൽ അഞ്ച് ഭിന്നശേഷി വിഭാഗങ്ങളുടെയും പരസ്പരമാറ്റം മുഖേന, റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് ജില്ലാ സമിതി കൺവീനർ നിയമന ശുപാർശ നൽകേണ്ടതാണ്. ( മുൻ വർഷം ഒരു തസ്തികയിൽ HI വിഭാഗത്തിന് ആണ് അടുത്ത നിയമനം നൽകേണ്ടതെങ്കിൽ HI, LD, MI/MD, VI, HI, LD, MI/MD, VI... എന്ന ക്രമത്തിൽ ആയിരിക്കും ടി തസ്തികയിൽ പരസ്പരമാറ്റം നടക്കുന്നത്. ഒരു കാറ്റഗറിയിൽ ഉദ്യോഗാർത്ഥി ഇല്ലെങ്കിൽ അടുത്ത കാറ്റഗറിയിലെ ഉദ്യോഗാർത്ഥിക്ക് നിയമന ശുപാർശ നൽകണം)

b. നേരത്തെ റിപ്പോർട്ട് ചെയ്തിരുന്ന ഒഴിവുകൾ തസ്തിക നിർണയം കഴിഞ്ഞതിന് ശേഷവും നിലനിൽക്കുന്നതാണോ എന്ന് പരിശോധിച്ച് **2026 മെയ് 31 ന രണ്ട് റിക്രൂട്ട്മെന്റ് വർഷം കഴിഞ്ഞ** എല്ലാ വ്യവസ്ഥാപിതമായ ഒഴിവുകളും **17.08.2026 തീയതിയിൽ** എംപ്ലോയ്മെന്റ് എക്സ്ചെഞ്ചിലേക്ക് എല്ലാ ജില്ലാ സമിതി കൺവീനർമാരും അയക്കേണ്ടതാണ്. ഭിന്നശേഷി വിഭാഗം തിരിച്ച് ഓരോ തസ്തികയിലെയും മേൽപ്രകാരമുള്ള ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചെഞ്ചിൽ ലഭ്യമാകാൻ ആവശ്യമായ നടപടികൾ കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സ്വീകരിക്കേണ്ടതാണ്.

c. ആയതിന്റെ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചെഞ്ചിൽ നിന്നും ലഭിക്കുന്ന ഉദ്യോഗാർത്ഥികളുടെ വെരിഫിക്കേഷൻ പൂർത്തിയാക്കി റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്ന അവസരത്തിൽ **2026 മെയ് 31 ന രണ്ട് റിക്രൂട്ട്മെന്റ് വർഷം കഴിഞ്ഞ മേൽ പ്രകാരമുള്ള ഒഴിവുകളിലേക്ക് മാത്രമാണ് ഉദ്യോഗാർത്ഥികൾ ഓപ്ഷൻ നൽകേണ്ടത്.** ഈ ഒഴിവുകളിൽ RPWD ആക്ട് സെക്ഷൻ 34(2) പ്രകാരം ഭിന്നശേഷി വിഭാഗങ്ങളിലെ ഇന്റർചേഞ്ചിലൂടെ മാത്രം നിയമന ശുപാർശ നൽകേണ്ടതാണ്.

d. ഇത്തരത്തിൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ഉദ്യോഗാർത്ഥികൾക്കും നിയമന ശുപാർശ ലഭിച്ച ശേഷവും 2026 മെയ് 31 ന രണ്ട് റിക്രൂട്ട്മെന്റ് വർഷം കഴിഞ്ഞ ഒഴിവുകൾ നികത്താൻ കഴിഞ്ഞില്ലെങ്കിൽ അത്തരം ഒഴിവുകളിൽ പൊതു വിഭാഗത്തിൽ നിന്നും നിയമിക്കാൻ അനുമതി നൽകികൊണ്ട് ജില്ലാ സമിതി കൺവീനർ ബന്ധപ്പെട്ട സ്കൂൾ മാനേജർക്ക് ഉത്തരവ് നൽകേണ്ടതാണ്. **റാങ്ക് ലിസ്റ്റിൽ ടി തസ്തികയിൽ യോഗ്യത ഉള്ളതും നിയമന ശുപാർശ ലഭിക്കാത്തതുമായ ഉദ്യോഗാർത്ഥികൾ ആരുമില്ല എന്നത് ഉറപ്പാക്കിയിട്ട് മാത്രമേ പൊതുവിഭാഗത്തിൽ നിന്ന് നിയമിക്കാൻ മാനേജർക്ക് അനുമതി നൽകേണ്ടതുള്ളൂ.**

e. **ഭിന്നശേഷി സംവരണത്തിനായി ഒഴിവ് മാറ്റിവയ്ക്കുന്നതിനു മുൻപ്** ടി തസ്തികയിൽ നിയമിതനാകുകയും താൽക്കാലിക / ദിവസവേതന അംഗീകാരത്തോടെ തുടരുന്ന നിയമനാർത്ഥി പ്രസ്തുത ഒഴിവിൽ ജോലി ചെയ്യുന്നുമുണ്ടെങ്കിൽ ടിയാളുടെ നിയമനം, സൂചന (6) ൽ നിർദ്ദേശം നൽകിയിരുന്നത് പോലെ നിയമനതീയതി മുതൽ തന്നെ ക്രമീകരിക്കേണ്ടതാണ്. **ഭിന്നശേഷി സംവരണത്തിനായി ഒഴിവ് മാറ്റിവച്ചതിനുശേഷം** ഭിന്നശേഷി ഉദ്യോഗാർഥിയെ ലഭിക്കാത്തതിനാൽ ദിവസവേതനത്തിൽ മാത്രം മാനേജർ നിയമിച്ചിരുന്ന അധ്യാപകരെ, ജില്ലാ സമിതി കൺവീനറുടെ ഉത്തരവ് ലഭിക്കുമ്പോൾ വിടുതൽ ചെയ്ത്, പ്രസ്തുത

സമയം മുതൽ, മാനേജർക്ക്, ചട്ടങ്ങൾ പ്രകാരമുള്ള സ്ഥിര നിയമനം നടത്താവുന്നതാണ്. ഇപ്രകാരം വിടുതൽ ചെയ്യുന്ന അധ്യാപകർക്ക് ആണ് മാനേജർ സ്ഥിര നിയമനം നൽകുന്നതെങ്കിലും, അവർക്ക് ദിവസവേതന കാലയളവ് അംഗീകാരം കിട്ടിയെന്ന പരിഗണനയിൽ, പ്രസ്തുത കാലയളവിന് മറ്റെന്തെങ്കിലും സർവീസ് അനുകൂല്യങ്ങളോ, കെ.ഇ.ആർ ചട്ടം 51എ പോലുള്ള അവകാശങ്ങളോ ലഭിക്കുന്നതല്ല.

f. **RPWD ആക്ട് സെക്ഷൻ 34(2) പ്രകാരം നടപടി സ്വീകരിച്ചിട്ടുള്ളതിനാൽ റോസ്റ്ററിൽ ഈ ടേണിൽ ഭിന്നശേഷി സംവരണം പൂർത്തിയായതായി കണക്കാക്കേണ്ടതും, 7 കാറ്റഗറികളിലെ ബന്ധപ്പെട്ട കാറ്റഗറിയിൽ അടുത്ത ടേൺ എപ്പോഴാണോ വരുന്നത്, അപ്പോൾ മാത്രം ടി കാറ്റഗറിയിൽ അടുത്ത ഒഴിവ് ഭിന്നശേഷി സംവരണത്തിന് മാറ്റി വച്ചാൽ മതിയാകും.**

g. ഈ നടപടി പൂർത്തിയായതിനു ശേഷം 2026 മെയ് 31 ന രണ്ട് റിക്രൂട്ട്മെന്റ് വർഷം പൂർത്തിയായിട്ടില്ലാത്ത മറ്റ് ഒഴിവുകൾ വീണ്ടും എംപ്ലോയ്മെന്റ് എക്സ്ചെഞ്ചിലേക്ക് റിപ്പോർട്ട് ചെയ്ത്, ഉദ്യോഗാർഥികളെ ലഭിക്കുമ്പോൾ RPWD ആക്ട് സെക്ഷൻ 34(1) പ്രകാരമുള്ള റൊട്ടേഷൻ അനുസരിച്ച് നിയമനം നടത്തുന്നത് തുടരേണ്ടതാണ്. എല്ലാ വർഷവും റിക്രൂട്ട്മെന്റ് വർഷം പൂർത്തിയായ ശേഷം പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന സമയത്ത് RPWD ആക്ട് 2016 സെക്ഷൻ 34(2) പ്രകാരമുള്ള ഈ നടപടികൾ തുടർന്നും നടത്തേണ്ടതാണ്.

h. **മേൽ പ്രവർത്തനങ്ങൾ സമന്വയ മുഖേന ഓൺലൈൻ ആയും ഓട്ടോമേറ്റഡ് ആയും നടത്താൻ ആവശ്യമായ മൊഡ്യൂളുകൾ ഒരുക്കാൻ കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തുന്നു.**

---

<u>RPWD സെക്ഷൻ 34(2) പ്രകാരം നിയമനം</u>

<u>(ഭിന്നശേഷി സംവരണം - മൂന്നാം ഘട്ട നിയമനം) സമയക്രമം</u>

- ഭിന്നശേഷി സംവരണത്തിന് റിപ്പോർട്ട് ചെയ്തിട്ട് രണ്ട് റിക്രൂട്ട്മെന്റ് വർഷം കഴിഞ്ഞുപോയ എല്ലാ ഒഴിവുകളും എംപ്ലോയ്മെന്റിലേക്ക് റിപ്പോർട്ട് ചെയ്യേണ്ട അവസാന തീയതി : **17.08.2026**
- എംപ്ലോയ്മെന്റ് എക്സ്സ്ചേഞ്ചിൽ നിന്നും ഉദ്യോഗാർഥികളുടെ വിവരങ്ങൾ ജില്ലാ സമിതി കൺവീനർക്ക് നൽകേണ്ട അവസാന തീയതി : **24.08.2026**
- ഉദ്യോഗാർഥികളുടെ ഡാറ്റ എൻട്രി സമന്വയയിൽ വിദ്യാഭ്യാസ ഉപഡയറക്ടർ പൂർത്തിയാക്കേണ്ട അവസാന തീയതി : **03.09.2026**
- രണ്ട് റിക്രൂട്ട്മെന്റ് വർഷം കഴിഞ്ഞുപോയ ഒഴിവുകളിലേക്ക് ഉദ്യോഗാർത്ഥികൾ ഓപ്ഷൻ നൽകേണ്ടതും സമന്വയയിൽ മറ്റ് വിവരങ്ങൾ നൽകുന്നതിനുമുള്ള അവസാന തീയതി : **10.09.2026**
- ഉദ്യോഗാർഥികളുടെ വെരിഫിക്കേഷൻ ജില്ലാ സമിതി പൂർത്തിയാക്കേണ്ട അവസാന തീയതി : **17.09.2026**
- നിയമന ശുപാർശ പുറപ്പെടുവിക്കേണ്ട തീയതി : **22.09.2026**

---

**2.** എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി നിയമനത്തിനുവേണ്ടി ആദ്യം വിട്ടു നൽകിയ തസ്തികയ്ക്ക് പകരം ഒഴിവുള്ള മറ്റൊരു അനുയോജ്യമായ തസ്തിക മാറ്റി വയ്ക്കുന്നതിന് അനുമതി തേടിക്കൊണ്ട് മാനേജർ അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ ആയത് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കാൻ ജില്ലാ സമിതി കൺവീനർമാരെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭിന്നശേഷി ഉദ്യോഗാർഥികൾക്ക് തൊഴിൽ ലഭിക്കാനുള്ള അവകാശം പൂർണമായി സംരക്ഷിച്ചു കൊണ്ട് മാത്രമേ ജില്ലാ സമിതി കൺവീനർ ഇത്തരത്തിൽ അനുമതി നൽകാൻ പാടുള്ളൂ.

a. മുൻ വർഷത്തിൽ ചില തസ്തികകൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചിരുന്നു. നേരത്തെ റിപ്പോർട്ട് ചെയ്തിരുന്ന ഒഴിവുകൾ മാറ്റി ഭിന്നശേഷി ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാത്ത ഒഴിവുകൾ റിപ്പോർട്ട് ചെയ്താൽ ആയത് അനുവദിച്ചു നൽകരുത്.

b. എന്നാൽ ഒരേ തസ്തികയിലെ മുൻ വർഷങ്ങളിലെ ഒഴിവിന് പകരം പിന്നീട് വന്ന അതേ തസ്തികയിലെ വ്യവസ്ഥാപിത ഒഴിവ് റിപ്പോർട്ട് ചെയ്താൽ, ആയത് ഭിന്നശേഷി ഉദ്യോഗാർഥികളുടെ അവകാശങ്ങളെ ഒരു രീതിയിലും ബാധിക്കാത്തതിനാൽ അനുമതി നൽകേണ്ടതാണ്.

c. കൂടാതെ നോൺ അവൈലബിലിറ്റി ലഭിച്ചിട്ടുള്ള തസ്തികൾ മാനേജർമാർ മുൻപ് മാറ്റി വയ്ക്കുകയും ആയതിനു പകരം ഭിന്നശേഷി ഉദ്യോഗാർത്ഥികൾ ലഭ്യമായ തസ്തികകൾ മാനേജർമാർ റിപ്പോർട്ട് ചെയ്യുന്നെങ്കിൽ ആയതിനും അനുമതി നൽകേണ്ടതാണ്.

d. ഒഴിവ് മാറ്റത്തിനു വേണ്ടി ലഭിക്കുന്ന അപേക്ഷകളിൽ, ഭിന്നശേഷി സംവരണത്തിന്റെ ലക്ഷ്യങ്ങൾ മനസിലാക്കി, ഉദ്യോഗാർഥികളുടെ അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ട് മെറിറ്റ് അടിസ്ഥാനത്തിൽ പരിശോധിച്ച് മാത്രം ജില്ലാ സമിതി കൺവീനർ ഒഴിവ് മാറ്റത്തിനു അനുമതി നൽകേണ്ടതാണ്. ഇത്തരത്തിൽ അനുമതി നൽകുകയാണെങ്കിൽ മുൻപ് റിപ്പോർട്ട് ചെയ്ത ഒഴിവ് സമന്വയയിൽ ലാപ്സ് ചെയ്യേണ്ടതാണ്.

e. അത്തരത്തിൽ ലാപ്സ് ചെയ്യുമ്പോൾ സൂചന (1) സർക്കാർ ഉത്തരവിന്റെയും ഈ സർക്കുലറിന്റെയും അടിസ്ഥാനത്തിൽ മറ്റൊരു ഒഴിവ് മാറ്റി വച്ചതിനാൽ ലാപ്സ് ചെയ്യുന്നു എന്നും റിമാർക്സിൽ കാണിക്കേണ്ടതാണ്. ഒഴിവ് മാറ്റുന്നതിനുള്ള അപേക്ഷ ജില്ലാ സമിതി കൺവീനർക്ക് നൽകുന്നതിനോടൊപ്പം തന്നെ പുതിയ ഒഴിവ് സമന്വയ മുഖേന റിപ്പോർട്ട് ചെയ്യേണ്ടതും ആയത് വ്യവസ്ഥാപിതമാണെങ്കിൽ ഉടൻ തന്നെ ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി ഒഴിവ് വെരിഫൈ ചെയ്യേണ്ടതുമാണ്.

f. ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ വെരിഫൈ ചെയ്ത് പുതിയ ഒഴിവ് ജില്ലാസമിതിയിൽ എത്തിയതിനു ശേഷം പഴയ ഒഴിവ് ലാപ്സ് ചെയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്. **ഇപ്രകാരം റിപ്പോർട്ട് ചെയ്യുന്ന തീയതി മുതൽ പുതിയ ഒഴിവിന്റെ ആദ്യ റിക്രൂട്ട്മെന്റ് വർഷം ആരംഭിക്കുന്നതാണ്.**

g. 2026-27 വർഷത്തേയ്ക്കുള്ള ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്ക് 17.08.2026നു നൽകേണ്ടതിനാൽ ഇത്തരത്തിൽ ഒഴിവ് മാറ്റി പുതിയ ഒഴിവ് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ 14.08.2026 നു മുൻപ് പൂർത്തിയാക്കേണ്ടതാണ്. ഇത്തരത്തിൽ റിപ്പോർട്ട് ചെയ്ത ഒഴിവിനു പകരം **മറ്റൊരു ഒഴിവ് മാറ്റി വയ്ക്കാൻ മാനേജർ**

**അപേക്ഷ നൽകുന്നെങ്കിൽ ആയത് പരിഗണിക്കേണ്ടത് റാങ്ക് ലിസ്റ്റ് കാലാവധി അവസാനിക്കുന്ന തീയതിയുടെ അടുത്ത ദിവസം മുതൽ പുതിയ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് മുൻപ് വരെ** മാത്രമാണ്. ഒരു തവണ ഒഴിവ് മാറ്റി പകരം മറ്റൊരു ഒഴിവ് ആക്കിയാൽ ടി ഒഴിവിൽ പിന്നീട് മാറ്റങ്ങൾ ഒന്നും അനുവദിക്കുന്നതല്ല (തസ്തിക നഷ്ടപ്പെടുന്ന സാഹചര്യത്തിൽ ഒഴികെ). തസ്തിക നഷ്ടപ്പെട്ട കാരണത്താലോ ഒഴിവ് വ്യവസ്ഥാപിതമല്ലാത്ത കാരണങ്ങളാലോ ആദ്യം വിട്ടു നൽകിയ സ്ഥാപിതമല്ലാത്ത ഒഴിവുകൾ മാറ്റുന്നതിന് ഈ നടപടിക്രമങ്ങൾ പാലിക്കേണ്ടതില്ല എന്ന് പ്രത്യേകം ഓർമിപ്പിക്കുന്നു.

3. SLP (C) 9566/2023 & അനുബന്ധ ഹർജികളിൽ നിന്നും പിൻവാങ്ങിയ എയ്ഡഡ് സ്കൂൾ ജീവനക്കാർക്കു കൂടി 18.02.2026 ലെ സ.ഉ(കൈ) നം. 31/2026/പൊ.വിവ സർക്കാർ ഉത്തരവിന്റെ ആനുകൂല്യം സൂചന (1) പ്രകാരം അനുവദിച്ചിട്ടുള്ളതിനാൽ, ടി കേസിൽ നിന്നും നിന്നും പിൻവാങ്ങിയത് സംബന്ധിച്ച് ഉത്തരവ് ഹാജരാക്കുകയാണെങ്കിൽ വിദ്യാഭ്യാസ ഓഫീസർമാർ ആയത് പരിശോധിച്ച് ഉറപ്പ് വരുത്തി അത്തരം ജീവനക്കാരുടെ നിയമനങ്ങൾ, സൂചന (2), (3), (4), (5) എന്നിവയിലെ വ്യവസ്ഥകൾ പാലിച്ച് ക്രമീകരിക്കേണ്ടതാണ്.

4 . എയ്ഡഡ് സ്കൂളുകളിൽ നിലവിലുള്ള സർക്കാർ നിർദേശങ്ങൾ പ്രകാരം ഭിന്നശേഷി നിയമനത്തിനായി വ്യവസ്ഥാപിതമായ തസ്തികകൾ മാറ്റിവെച്ചിട്ടുള്ള മാനേജ്മെന്റുകളിൽ, മറ്റ് ഒഴിവുകളിൽ ഭിന്നശേഷി സംവരണ നിയമനവുമായി ബന്ധപ്പെട്ട് താത്കാലികമായി (പ്രൊവിഷണലായി ശമ്പള സ്കെയിലിൽ /ദിവസവേതനം) ജോലി ചെയ്യുന്ന ജീവനക്കാരെ, ബഹു. സുപ്രീം കോടതിയിൽ നിലനിൽക്കുന്ന സ്പെഷ്യൽ ലീവ് പെറ്റീഷനുകളുടെ അന്തിമ വിധിയ്ക്കു വിധേയമായി മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ, 18.02.2026 ലെ സ.ഉ(കൈ) നം. 31/2026/പൊ.വിവ സർക്കാർ ഉത്തരവ്, അനുബന്ധ സർക്കുലറിലെയും പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ള മറ്റ് നിർദ്ദേശങ്ങളും പ്രകാരം ശമ്പള സ്കെയിലിൽ ക്രമീകരിക്കുവാൻ അനുമതി നൽകിയിരുന്നു. 18.02.2026 നു ശേഷം നടത്തുന്ന നിയമനങ്ങളും മറ്റ് വിധത്തിൽ ക്രമപ്രകാരമാണെങ്കിൽ സൂചന(1) പ്രകാരം ശമ്പള സ്കെയിലിൽ തന്നെ അംഗീകരിച്ച് ഉത്തരവ് നൽകേണ്ടതാണ്.

5. മേൽ (1) മുതൽ (4) വരെയുള്ള നിർദ്ദേശങ്ങൾ SLP (C) 9566/2023 & അനുബന്ധ ഹർജികളിൽ ബഹു. സുപ്രീം കോടതിയുടെ അന്തിമ വിധിക്ക് വിധേയമായിരിക്കും. ടി നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന്റെ ഭാഗമായി ജില്ലാ സമിതി കൺവീനർ തീരുമാനിക്കുന്ന ദിവസങ്ങളിൽ ജില്ലാ സമിതി അംഗങ്ങളെ ഉൾപ്പെടുത്തി മീറ്റിംഗുകൾ നടത്താവുന്നതാണ്. ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്ക് ഓപ്ഷൻ നൽകുന്നതിലും മറ്റും സാങ്കേതിക സഹായങ്ങൾ നൽകാനായി എല്ലാ ജില്ലാ സമിതി കൺവീനറുടെ കാര്യാലയത്തിലും ഹെല്പ് ഡെസ്ക് സംവിധാനം പ്രവർത്തിക്കേണ്ടതാണ്.

6. RPWD ജില്ലാ സമിതിയുടെ പ്രവർത്തനങ്ങൾക്കും ഭിന്നശേഷി ഉദ്യോഗാർഥികൾക്കും സമന്വയയിൽ ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകാൻ ചുവടെ പരാമർശിച്ചിരിക്കുന്ന ജീവനക്കാരെ ചുമതലപെടുത്തുന്നു :

| | |
|---|---|
| ശ്രീ. പ്രദീപ് കുമാർ വി.എം , ഫെയർ കോപ്പി സൂപ്രണ്ട് , ഡി.ജി.ഇ(296879) ഫോൺ : 9447744531 | തിരുവനന്തപുരം , കൊല്ലം , പത്തനംതിട്ട ജില്ലകൾ |
| ശ്രീമതി. തുളസി പി . ആർ , സീനിയർ സൂപ്രണ്ട്, ഡി.ഡി.ഇ എറണാകുളം (307743) ഫോൺ : 9447605278 | ആലപ്പുഴ , എറണാകുളം , കോട്ടയം ജില്ലകൾ |
| ശ്രീ. ഉണ്ണികൃഷ്ണൻ .ആർ . കെ , സീനിയർ സൂപ്രണ്ട്, ഡി.ഡി.ഇ പാലക്കാട് (297149) ഫോൺ : 9846703509 | ഇടുക്കി, തൃശ്ശൂർ , പാലക്കാട് ജില്ലകൾ |
| ശ്രീ . മുഹമ്മദലി.വി.പി ,സീനിയർ സൂപ്രണ്ട്, എ.ഇ.ഓ പട്ടാമ്പി (297232) ഫോൺ : 9961429246 | മലപ്പുറം, കോഴിക്കോട് ജില്ലകൾ |
| ശ്രീ , സതീശൻ കെ , കെ , ക്ലർക്ക് , ഡി . ഡി . ഇ കണ്ണൂർ(632108) ഫോൺ : 9249221146 | കണ്ണൂർ , വയനാട് , കാസർഗോഡ് ജില്ലകൾ |

മേൽ പറഞ്ഞിരിക്കുന്ന ജീവനക്കാർക്ക് SNO ലോഗിൻ അനുവദിച്ചിട്ടുണ്ട് എന്ന് കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഉറപ്പാക്കേണ്ടതും , ജില്ലാ സമിതി കൺവീനറുടെ കാര്യാലയങ്ങളിലും ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്കും സാങ്കേതിക ബുദ്ധിമുട്ടുകൾ ഉണ്ടാകുകയാണെങ്കിൽ ആയത് പരിഹരിക്കുന്നതിന് ആവശ്യമായ സംവിധാനം മേൽ ഉദ്യോഗസ്ഥരുടെ ലോഗിനിൽ ലഭ്യമാക്കേണ്ടതുമാണ്.

7. ആദ്യ രണ്ട് ഘട്ടങ്ങളിൽ ശുപാർശ നൽകിയ ഉദ്യോഗാർഥികളുടെ വിവരങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ലഭ്യമായിട്ടില്ല എന്ന് എംപ്ലോയ്മെന്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഓരോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നാളിതുവരെ ജില്ലാ സമിതിയിലേക്ക് പേര് വിവരം ലഭിച്ച ഉദ്യോഗാർഥികളെ സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ 5 ദിവസത്തിനുള്ളിൽ, (എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലഭിച്ച ലിസ്റ്റിലെ ക്രമത്തിൽ) **നിയമനാംഗീകാരം നൽകിയെങ്കിൽ ടി വിവരം രേഖപ്പെടുത്തിയും** അല്ലാത്ത പക്ഷം ചുവടെ ചേർക്കുന്ന വിവരങ്ങൾ ഉൾപ്പെടുത്തിയും അതത് എംപ്ലോയ്മെന്റ് ഓഫീസറെ അറിയിക്കേണ്ടതാണ്:

1. ഉദ്യോഗാർത്ഥി വെരിഫിക്കേഷന് ഹാജരായോ ?
2. ഉദ്യോഗാർഥിയെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയോ? ഇല്ലെങ്കിൽ ആയതിന്റെ കാരണം .
3. നിയമന ശുപാർശ നൽകിയോ ?
4. മാനേജർ നിയമന ഉത്തരവ് നൽകിയോ ?
5. ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിച്ചിട്ടുണ്ടോ ?
6. നിയമനാംഗീകാരം നൽകാത്തതിന്റെ കാരണം ?

8. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ഉദ്യോഗാർഥികളുടെ വിവരങ്ങൾ നൽകുമ്പോൾ സീനിയോറിറ്റി അടിസ്ഥാനത്തിൽ **റാങ്ക് നമ്പർ നൽകികൊണ്ട്** തന്നെ എംപ്ലോയ്മെന്റ് ഓഫീസർമാർ ജില്ലാ സമിതി കൺവീനർക്ക് ഉദ്യോഗാർഥികളുടെ വിവരങ്ങൾ നൽകേണ്ടതാണ് .

9. ജില്ലാ സമിതികൾ മുഖേനയുള്ള ഭിന്നശേഷി സംവരണത്തിന്റെ ആദ്യ ഘട്ടം മുതലുള്ള മൊത്തം സ്ഥിതിവിവരക്കണക്കുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ എച്ച് സെക്ഷനിൽ ലഭിക്കുന്നതിനുള്ള സംവിധാനം സമന്വയയിൽ ഒരുക്കാൻ കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തുന്നു.

Digitally signed by
Snehil Kumar Singh
Date: 06-08-2026
18:27:24

**പൊതുവിദ്യാഭ്യാസ ഡയറക്ടർ &**
**സംസ്ഥാന സമിതി കൺവീനർ**
**(എയ്ഡഡ് സ്കൂൾ ഭിന്നശേഷി സംവരണം)**

സ്വീകർത്താവ്:

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ (സി . എ മുഖേന)
2. സംസ്ഥാന സമിതി അംഗങ്ങൾ
3. എല്ലാ ആർ.ഡി.ഡി , എ.ഡി , ഡി.ഡി.ഇ , ഡി.ഇ.ഓ , എ.ഇ.ഓ
4. എല്ലാ എയ്ഡഡ് സ്കൂൾ മാനേജർമാർക്കും (വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)
5. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (അറിവിലേക്കും , തുടർനടപടികൾക്കും , സർക്കുലർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും)
6. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ എയ്ഡഡ് സെക്ഷൻ സൂപ്രണ്ടുമാർക്ക്
7. സ്റ്റേറ്റ് നോഡൽ ഓഫീസർ , സമന്വയ
   (ഈ സർക്കുലറിന്റെ അടിസ്ഥാനത്തിൽ സമന്വയയിലെ മൊഡ്യൂളിൽ വരുത്തേണ്ട മാറ്റങ്ങൾ കൈറ്റിലേക്ക് അറിയിക്കേണ്ടതാണ്. )